# മാപ്പില്ല

ചോരക്കൈവാളിനൂണാമരിയൊരജകിശോ–
രത്തെ മീളാൻ കുനിച്ചു–
ള്ളോരക്കണ്ഠത്തിൽ നിന്നൂറിന
മൃദുകരുണാ–
വായ്പിലാഴുമ്പൊഴെല്ലാം,
‘ഹാ, രക്ഷയ്ക്കാത്മകർമ്മം ശരണ, മിതരമി,–
ല്ലില്ല മാപ്പെ’ന്നഗീരിൻ
ക്രൂരത്വത്താലുയർത്തപ്പെടുക ഹൃദയമേ,
പിന്നെയും പിന്നെയും നീ.